ഭരണഭാഷ - മാതൃഭാഷ

സ്പോർട്സ് 2/5699/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം., തീയതി : 19.07.2022
ഫോൺ: 0471- 2580 534; supdts.dge@kerala.gov.in

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - സ്പോർട്സ് - സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റ് 2022 - സബ് ജില്ല, ജില്ല സെലക്ഷൻ നടത്തുന്നത് - സംബന്ധിച്ച്

സൂചന: സുബ്രതോ മുഖർജി സ്പോർട്സ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ 06/07/2022 ലെ ഇ മെയിൽ സന്ദേശം

********************************

**2022 സെപ്റ്റംബർ 01 മുതൽ ഒക്ടോബർ 17 വരെ ന്യൂഡൽഹിയിൽ വച്ച് സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റ്** നടത്തുന്നതായി സൂചന കത്ത് മുഖേന അറിയിച്ചിരിക്കുന്നു. ആയതിനാൽ **2022 ജൂലൈ 25 മുതൽ ആഗസ്റ്റ് 02** നകം ഉപജില്ല / ജില്ല മത്സരങ്ങൾ പൂർത്തിയാക്കി സംസ്ഥാന തല മത്സരങ്ങൾക്കായി ടീമുകളെ സജ്ജരാക്കേണ്ടതാണ്. പ്രസ്തുത മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള സ്കൂൾ ടീമുകൾ **www.subrotocup.in** എന്ന വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. അണ്ടർ-14 (ആൺ), അണ്ടർ-17 (പെൺ), അണ്ടർ-17 (ആൺ) എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. പ്രസ്തുത വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ അടയ്ക്കുന്ന 2000/- രൂപയുടെ രസീതിന്റെ പകർപ്പ് സബ് ജില്ല, ജില്ലാ, സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കുമ്പോൾ ഹാജരാക്കേണ്ടതാണ്.

ജില്ലയിൽ നിന്ന് സംസ്ഥാനതല മത്സരത്തിനായി തെരഞ്ഞെടുക്കുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾ **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ ഓൺലൈൻ രജിസ്റ്റർ ചെയ്ത് എലിജിബിലിറ്റി സർട്ടിഫിക്കറ്റിന്റെ പ്രിന്റൗട്ട് എടുത്തു വേണം സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അടങ്ങിയ സൂചന ഇമെയിൽ സന്ദേശങ്ങളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റ് നടത്തേണ്ടത്. സംസ്ഥാനതല മത്സരങ്ങളുടെ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**www.subrotocup.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : **23.07.2022**

പ്രായ വിഭാഗം :

1. അണ്ടർ-14 (ആൺ) - 01/01/2009നോ അതിനുശേഷമോ ജനിച്ചവർ
2. അണ്ടർ-17 (ആൺ/പെൺ) - 01/01/2006നോ അതിനുശേഷമോ ജനിച്ചവർ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി
എം.കെ.ഷൈൻമോൻ
പെൻ 425084

പകർപ്പ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും വിവരം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്)
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. ആർ.ഡി.എസ്.ജി.എ. സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)